**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : **T.1535**

10.02.2020 ൽ മറുപടിയ്ക്ക്

## വാർഡ് വിഭജന ഓർഡിനൻസ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ടി.ജെ. വിനോദ്**<br>**,, അനിൽ അക്കര**<br>**ശ്രീമതി ഷാനിമോൾ ഉസ്മാൻ**<br>**ശ്രീ.ഐ.സി.ബാലകൃഷ്ണൻ** | | **ശ്രീ. എ.സി. മൊയ്തീൻ**<br>(തദ്ദേശസ്വയംഭരണ വകുപ്പമന്ത്രി ) | |
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഡ് വിഭജനം നടത്തുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള സാഹചര്യം വെളിപ്പെടുത്തുമോ; | (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഡ് വിഭജനം നടത്തുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. നിലവിൽ 935 ഗ്രാമ പഞ്ചായത്തുകളിലും 56 മുനിസിപ്പാലിറ്റികളിലും 4 മുനിസിപ്പൽ കോർപ്പറേഷനുകളിലും 122 ബ്ലോക്ക് പഞ്ചായത്തുകളിലും ഒരു ജില്ലാ പഞ്ചായത്തിലും 2001 സെൻസസ് പ്രകാരമുള്ള ജനസംഖ്യക്ക് ആനുപാതികമായിട്ടുള്ള വാർഡ് / ഡിവിഷൻ ആണ് നിലനിൽക്കുന്നത്. എന്നാൽ 6 ഗ്രാമ പഞ്ചായത്തുകളിലും 31 മുനിസിപ്പാലിറ്റികളിലും 2 മുനിസിപ്പൽ കോർപ്പറേഷനുകളിലും 30 ബ്ലോക്ക് പഞ്ചായത്തുകളിലും 13 ജില്ലാ പഞ്ചായത്തുകളിലും 2011-ലെ സെൻസസ് പ്രകാരമുള്ള അടിസ്ഥാന വിവരം അനുസരിച്ചുള്ള വാർഡ് / ഡിവിഷൻ ആണ് രൂപീകരിച്ചിരിക്കുന്നത്. ഏത് തലത്തിലും പ്രാദേശിക അതിർത്തിയിൽപ്പെട്ട പ്രദേശത്തെ ജനസംഖ്യയും തദ്ദേശ സ്ഥാപനങ്ങളിലെ അംഗങ്ങളുടെ എണ്ണവും തമ്മിലുള്ള അനുപാതം സംസ്ഥാനമൊട്ടാകെ കഴിയുന്നിടത്തോളം ഒരുപോലെ ആയിരിക്കണമെന്ന് ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 243 (സി) യിൽ നിഷ്കർഷിച്ചിട്ടുള്ളതാണ്. കൂടാതെ ഒരു പ്രദേശത്തെ ജനസംഖ്യയെ പരിഗണിച്ചുകൊണ്ട് ആയിരിക്കണം ബന്ധപ്പെട്ട തദ്ദേശ സ്ഥാപനത്തിലെ ജനപ്രതിനിധികളുടെ |

| | | | |
|---|---|---|---|
| | | | അംഗസംഖ്യ നിശ്ചയിക്കേണ്ടതെന്ന് കേരള പഞ്ചായത്തിരാജ് ആക്ട് ചട്ടം - 6, കേരള മുനിസിപ്പൽ ആക്ട് ചട്ടം - 6 എന്നിവ പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ. പ്രാദേശിക ഭരണത്തിൽ കൂടുതൽ ജനപ്രതിനിധികൾക്ക് കടന്നു വരുന്നതിനുള്ള അവസരങ്ങൾ സൃഷ്ടിക്കാനും അതുവഴി വികസന പ്രക്രിയയിൽ കൂടുതൽ ജനപ്രാതിനിധ്യം ഉറപ്പിക്കുന്നതിനും അതോടൊപ്പം ഭരണഘടന ജനങ്ങൾക്ക് നൽകുന്ന ആനുപാതിക പ്രാതിനിധ്യം എന്ന അവകാശം സംരക്ഷിക്കുന്നതിനുമാണ് വാർഡ് വിഭജനം നടത്തുവാൻ സർക്കാർ തീരുമാനിച്ചിട്ടുള്ളത്. |
| (ബി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിന് ഒരു വർഷം മുമ്പ് തന്നെ വാർഡ് വിഭജനം പൂർത്തിയാക്കണമെന്ന് സംസ്ഥാന ധനകാര്യ കമ്മീഷൻ ശിപാർശ നൽകിയിട്ടുണ്ടോ; | (ബി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിന് ചുരുങ്ങിയത് ഒരു വർഷം മുമ്പെങ്കിലും വാർഡുകളുടെ അതിർത്തി പുനർനിർണ്ണയം പൂർത്തിയാക്കൽ നിർബന്ധമാക്കണമെന്ന് നാലാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശിപാർശ നൽകിയിട്ടുണ്ട്. |
| (സി) | ഇത് സംബന്ധിച്ച് ഓർഡിനൻസ് പുറപ്പെടുവിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതുദിവസത്തെ മന്ത്രിസഭാ യോഗത്തിലാണെന്ന് അറിയിക്കുമോ; | (സി) | ഇല്ല. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 6-ാം വകുപ്പിന്റെ 3-ാം ഉപവകുപ്പ്, 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 6-ാം വകുപ്പിന്റെ 3-ാം ഉപവകുപ്പ് എന്നിവ ഭേദഗതി ചെയ്ത് ഓർഡിനൻസ് പുറപ്പെടുവിക്കുന്നതിനായി 26/12/2019 -ാം തീയതിയിലെ മന്ത്രിസഭാ യോഗം ഗവർണ്ണറോട് ശിപാർശ ചെയ്തിരുന്നു. |
| (ഡി) | പ്രസ്തുത ഓർഡിനൻസിന് ഗവർണർ അംഗീകാരം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതുസംബന്ധിച്ച് അദ്ദേഹം എന്തെങ്കിലും വിശദീകരണം ആരാഞ്ഞിരുന്നോ; വിശദാംശം നൽകാമോ; | (ഡി) | പ്രസ്തുത ഓർഡിനൻസ് സംബന്ധിച്ച് ഗവർണ്ണർ വിശദീകരണം ആരാഞ്ഞിരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിയോജകമണ്ഡലങ്ങൾ വർദ്ധിപ്പിക്കുന്നതുകൊണ്ട് അഡ്മിനിസ്ട്രേറ്റീവ് യൂണിറ്റുകളായ പഞ്ചായത്തുകളുടെയും നഗരസഭകളുടെയും അതിർത്തിയിൽ മാറ്റം ഉണ്ടാവുകയില്ലെന്ന വിശദീകരണമാണ് |

| | | | |
|---|---|---|---|
| | | | നൽകിയത്. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് എന്നിവ ഭേദഗതി ചെയ്യുന്നതിനുള്ള ബിൽ നിയമസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ച സാഹചര്യത്തിൽ ഗവർണ്ണർ ഫയൽ തിരികെ നൽകിയിരിക്കുകയാണ്. |
| (ഇ) | വാർഡുകളുടെ എണ്ണം കൂട്ടുന്നതിലൂടെ നിലവിലുള്ള വാർഡുകളുടെ പരിധിയിൽ മാറ്റം ഉണ്ടാകാൻ ഇടയാകില്ലേ എന്നും ഇത് 2020 ൽ നടക്കുന്ന സെൻസസ് നടപടികളെ ദോഷകരമായി ബാധിക്കുന്ന സാഹചര്യം ഉണ്ടാക്കുകയില്ലേ എന്നും വ്യക്തമാക്കുമോ? | (ഇ) | വാർഡുകളുടെ എണ്ണം കൂട്ടുന്നതിലൂടെ നിലവിലുള്ള വാർഡുകളുടെ പരിധിയിൽ മാറ്റം ഉണ്ടാകാൻ സാധ്യതയുണ്ട്. 2000 ലും 2010 ലും സംസ്ഥാനത്ത് വാർഡ് പുനഃസംഘടനയും പുതിയ തദ്ദേശ സ്ഥാപനങ്ങളുടെ രൂപീകരണവും നടന്നിട്ടുള്ളതാണ്. ഇക്കാലത്ത് സെൻസസ് നടപടികൾക്ക് യാതൊരു തടസ്സവും നേരിട്ടിട്ടില്ല. 2001 ലും 2011 ലും സംസ്ഥാനത്ത് സെൻസസ് നടക്കുകയും സമയബന്ധിതമായി തന്നെ സെൻസസ് വകുപ്പിന് ഡേറ്റകൾ ശേഖരിച്ച് റിപ്പോർട്ട് പ്രസിദ്ധീകരിക്കാൻ കഴിയുകയും ചെയ്തിട്ടുണ്ട്. അപ്രകാരം ഇത്തവണയും വാർഡുകളുടെ പുനഃസംഘടനയോടൊപ്പം സെൻസസിന്റെ പ്രവർത്തനങ്ങളും സമാന്തരമായി നടക്കുകയും യാതൊരു തടസ്സവും കൂടാതെ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയുകയും ചെയ്യുന്നതാണ്. |

**സെക്ഷൻ ഓഫീസർ**